# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാവാലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-10/199/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവാലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാവാലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവാലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-10/199/2023 തീയ്യതി: 29/03/2023

# ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജ്യോതിമോൻ.സി.സി, ഓഡിറ്റ് ഓഫീസർ
ശ്രീ. റോയ് .ടി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ലക്ഷ്മീകാന്ത്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോഷിമോൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ജോസഫ് | | | |
| ശ്രീ. ക്ലീറ്റസ്. ഇ | സെക്രട്ടറി | 01-04-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുധീന്ദ്രബാബു.പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 12-07-2021 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2021 | 15-07-2021 |
| ശ്രീ.രേണു. ആർ | അസിസ്റ്റന്റ് സെക്രട്ടറി | 16-07-2021 | 23-11-2021 |
| ശ്രീ.നിഷാദ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 23-11-2021 | 28-02-2022 |
| ശ്രീ.കരൺ.എം.ഡി | അസിസ്റ്റന്റ് സെക്രട്ടറി | 01-03-2022 | 31-03-2022 |
| ശ്രീമതി. അശ്വിനി.കെ.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ദീപ ജേക്കബ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.റിനി.എസ്.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 22-11-2021 |
| ശ്രീമതി.ലക്ഷ്മി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 23-11-2021 | 31-03-2022 |
| ഡോ.നിതുൻ കബീർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, | 01-04-2021 | 31-03-2022 |
| ഡോ.ഹരാജ എസ്.ആർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീമതി.സിന്ധുകുമാരി.സി.എസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.നിമ്മി ഷാജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.അഖിൽ സെബാസ്റ്റ്യൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിനി.എസ്.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ്-അവലോകനം | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തിട്ടില്ല | 1-10 |
| 13 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് - 16,400/- രൂപയുടെ വരുമാന നഷ്ടം | 1-11 |
| 14 | ബഡ്സ് സ്കൂൾ ജീവനക്കാരുടെ ശമ്പള ചെലവ്-ധനകാര്യ പത്രികയിൽ ഇക്വിറ്റി ഷെയറെന്നപേരിൽ ബുക്ക് ചെയ്തിരിക്കുന്നു. | 1-12 |
| 15 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് മുതൽക്കൂട്ടാത്തത് സബന്ധിച്ച്. | 1-13 |
| 16 | ഫ്ലഡ് ഡൊണേഷൻ-അക്കൗണ്ട്സിൽ ബാധ്യതയായി തുടരുന്നു. | 1-14 |
| 17 | തോട് നവീകരണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 18 | സമഗ്ര നെൽകൃഷി വികസനം - വിതരണ രേഖകൾ ഹാജരാക്കിയില്ല. | 1-16 |
| 19 | കുറ്റികുരുമുളക് വിതരണം - വിതരണ രേഖകൾ അപൂർണ്ണം. | 1-17 |
| 20 | ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റിയതിന് ശേഷം ഭവന നിർമ്മാണം ആരംഭിക്കാത്തതു സംബന്ധിച്ച്. | 1-18 |
| 21 | എഫ്.എച്ച്.സി നിർമ്മാണത്തിന് വിഹിതം നൽകൽ - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു. | 1-19 |
| 22 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 23 | ആസ്തി സംരക്ഷണം - അംഗനവാടി സ്ഥലം മണ്ണിട്ടുയർത്തൽ.- | 1-21 |
| 24 | തട്ടാശ്ശേരി കടത്ത് കടവ് നിർമ്മാണം-അപാകതകൾ | 1-22 |
| 25 | ചാത്തൻതറ മുതൽ ആയംകുടിവരെ തോടിന് ആഴം കൂട്ടൽ | 1-23 |
| 26 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -സ്റ്റാക്ക് മെഷർമെന്റിനേക്കാൾ | 1-24 |

| | | |
|---|---|---|
| | കൂടുതൽ അളവിൽ മൂല്യനിർണ്ണയം നടത്തി | |
| 27 | അങ്കണവാടികളുടെ പ്രവർത്തനം -അവലോകനം | 1-25 |
| ഭാഗം **2** | | |
| 1 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് - 16,400/- രൂപയുടെ വരുമാന നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | തട്ടാശ്ശേരി കടത്ത് കടവ് നിർമ്മാണം- | 3-1 |
| 2 | ആസ്തി സംരക്ഷണം - അംഗനവാടി സ്ഥലം മണ്ണിട്ടുയർത്തൽ.- | 3-2 |
| 3 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -സ്റ്റാക്ക് മെഷർമെന്റിനേക്കാൾ കൂടുതൽ അളവിൽ മൂല്യനിർണ്ണയം നടത്തി | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കാവാലം ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് 18.2.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 30.3.2022ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

പരിഷ്കരിച്ച ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 81254879 | 81416340 |
| വാർഷിക കണക്ക് പ്രകാരം<br>(ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 125442402 | 130018470 |

### 1-1-1 ബജറ്റ്-അവലോകനം

2021-22വർഷത്തെ ബജറ്റ് 18.2.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 30.3.2022ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.
ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്, ചെലവുകൾ യഥാർത്ഥ വരവ് ചെലവുകളേക്കാൾ കുറവാണ്. ഇത്തരം അപാകത ആവർത്തിക്കാതിരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

1.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .
ബജറ്റ് മാനുലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന

ബജറ്റ് മാനുലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2021-22 ലെ ബജറ്റ് 2021ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3.ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകളും സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഡി.ബി.റ്റി ട്രാൻസാക്ഷൻ നടത്തപ്പെടുന്നവയുടെ വരവ് ചെലവുകളും ഉൾപ്പെടുത്തപ്പെടുന്ന എന്നത് സംശയാസ്പതമാണ്. ആയതിനാൽ തന്നെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവുകളും ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു.
4.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2101001 | ശമ്പളം | 64,00,000 | 8175498 | 8465062 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2103001 | പെൻഷൻ കോൺട്രിബ്യൂഷൻ | 6,65,000 | 8,01,546 | 824027 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2105001 | എംപ്ലോയേഴ്സ് പ്രൊവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 00 | 00 | 110558 | തുക വകയിരുത്താതെ ചെലവ് ചെയ്തു |
| 4 | 2304001 | Hire Charge, വാടക | 417112 | 54830 | 74566 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (3/10.2.2023) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ്

അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 01.06.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധന

കാവാലം ഗ്രാമ പഞ്ചായത്തിന്റെ2021-22ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വികസന ഫണ്ട് സാധാരണവിഹിതം 11312000/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-6 പ്രകാരം ചെലവ് 11311999/- രൂപയാണ്. ചെലവിൽ 1/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

2.അംഗനവാടി ജീവനക്കാർക്കുള്ള ഹോണറേറിയം, ലൈഫ് ഭവന വായ്പ തിരിച്ചടവ് എന്നിവയ്ക്കായി ഉറവിടത്തിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട് വന്നിട്ടില്ലാത്തതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ നീക്കിയിരിപ്പ് -Ve ആയി രേഖപ്പെടുത്തിയിരിക്കുന്നു.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)- ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയും ധനകാര്യ പത്രികയും തമ്മിൽ 2523441/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
4. ബഡ്സ് സ്കൂൾ ജീവനക്കാരുടെ ശമ്പളമിനത്തിൽ ചെലവഴിച്ച 84000/- രൂപ ധനകാര്യ പത്രികയിൽ ഇക്വിറ്റി ഷെയറെന്നപേരിൽ ബുക്ക് ചെയ്തിരിക്കുന്നു.

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/14.2.2023) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1 ലെ അപാകത ജേണൽ എൻട്രിയിൽ വന്ന പിശകാണെന്നറിയിച്ചിരിക്കുന്നു. കൂടാതെ ക്രമ നമ്പർ 3 ലെ അപാകതയ്ക്ക് മുൻവർഷത്തെ നീക്കിയിരിപ്പിൽ നിന്നും ചെലവ് ചെയ്യുന്നതിനാലാണ് വ്യത്യാസം നിലനിൽക്കുന്നതെന്നറിയിച്ചിരിക്കുന്നു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. മുൻവർഷത്തെ തുകയിൽ നിന്നും ചെലവഴിച്ചാലും ആയത് ധനകാര്യ പത്രികയിൽ പ്രതിഫലിക്കപ്പെടണം. എന്നാൽ ഇവിടെ അപ്രകാരം സംഭവിച്ചിട്ടില്ലായെന്നിരിക്കെ ചെലവ് ബുക്ക് ചെയ്തശേഷം റീഫണ്ടായ പേയ്മെന്റുകൾ ഏതൊക്കെയെന്നത് പരിശോധിച്ച് വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10688683 |
| വരവ് | 46316192 |
| ആകെ | 57004875 |
| ചെലവ് | 48780711 |
| നീക്കിയിരിപ്പ് | 8224164 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് എ.സി.ആർ പ്രകാരം | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 11312000 | 11312000 | 1785933 | 9526067 | 00 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- എസ്.സി.പി | 0 | 2388000 | 2388000 | 00 | 2388000 | 00 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 7026104 | 7026104 | 00 | 4805735 | 2220369 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 0 | 3069467 | 3069467 | 00 | 2849637 | 219830 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 4853319 | 4853319 | 00 | 3783994 | 1069325 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4946000 | 4946000 | 00 | 2587634 | 2358366 (ലാപ്സായി) |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ) ഫണ്ട് സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

(സുലേഖ പദ്ധതി ചെലവ് പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 115 | 44726675 | 101 | 31658446 | 00 | 14 | 88% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3256 | 1002964 | 1006220 | 1005603 | 617 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 00 | 44761342 | 44761342 | 44761342 | 00 |
| ആകെ | 3256 | 45764306 | 45767562 | 45766945 | 617 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 20040 | 14 |
| കർഷക തൊഴിലാളി പെൻഷൻ | 16044300 | 1019 |
| വിധവ പെൻഷൻ | 6790100 | 433 |
| വാർദ്ധക്യകാല പെൻഷൻ | 12701100 | 889 |
| വികലാംഗ പെൻഷൻ | 3136700 | 197 |
| അവിവാഹിത പെൻഷൻ | 642400 | 39 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.02.2023 തീയതിയിൽ 03:29 P.M സമയത്ത് അസ്സി:സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,411/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് കൃത്യമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ ജാഗ്രത പുലർത്തുന്നില്ല.

2. സാമ്പത്തിക ഇടപാടുകൾ നടത്തുന്ന ബാങ്ക് പോലുള്ള ഫൈനാൻഷ്യൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിലും ജാഗ്രത പുലർത്തുന്നില്ല. ഖണ്ഡിക 1-11 ശ്രദ്ധിക്കുക.

3. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ യഥാസമയം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല.

4. ഫ്ലഡ് ഡൊണേഷൻ ഇനത്തിൽ 2019ൽ ലഭ്യമായ തുക നാളിതുവരെയും തുടർനടപടികൾ സ്വീകരിക്കാതെ വാർഷിക ധനകാര്യ പത്രിക പ്രകാരം ബാധ്യതയായി തുടരുന്നു.

5. നിരന്തര നിരീക്ഷണത്തിന്റെ അഭാവംമൂലം നിക്ഷേപ പ്രവർത്തികൾ ലക്ഷ്യം കൈവരിക്കപ്പെടാതെ അനന്തമായി നീളുന്നു.

6. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ ജാഗ്രത കുറവ് കാണുന്നു. മെറ്റീരിയൽ സ്റ്റാക്ക് മെഷർമെന്റ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുന്നത് ആയത് രേഖപ്പെടുത്തുന്ന എൻ.ആർ.ഇ.ജി.എസ് ഓവർസീയർ പോലും സാക്ഷ്യപ്പെടുത്തുന്നില്ല.

7. മുൻകൂർ രജിസ്റ്റർ വർഷാവസാനം ആകെ നൽകിയത്, തിരികെ കിട്ടിയത്, ബാലൻസ് എന്നിങ്ങനെ സംക്ഷിപ്ത വിവരം ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ പരാമർശിത അപാകതകൾ പരിഹരിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-10 തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല

1) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ 2021-22ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപന ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും, തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം / ജീവനക്കാർ | അർദ്ധവർഷം |
|---|---|---|
| 1 | പാലേടം ക്ഷീരോത്പാദക സഹ:സംഘം(സെക്രട്ടറി, ജീവനക്കാർ) | ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ |
| 2 | കുട്ടനാട് നിധി ലിമിറ്റഡ്, തട്ടാശേരി (ജീവനക്കാർ) | ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ |
| 3 | റേഷൻ വ്യാപാരികൾ | ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ |
| 4 | കുട്ടനാട് നിധി ലിമിറ്റഡ്, കാവാലം (ജീവനക്കാർ) | ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ |

2) പഞ്ചായത്ത് പരിധിയിലെ കള്ള് ഷാപ്പ് ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷത്തിൽ 15,750/- രൂപ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയിട്ടുണ്ട്, എന്നാൽ ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച സ്ഥാപനം/ ജീവനക്കാർക്ക് 2021-22 ലെ തൊഴിൽ നികുതി കുടിശ്ശിക അടവാക്കുന്നതിന് പഞ്ചായത്ത് നോട്ടീസ് നൽകിയതായും തുക അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.02/തീയതി:09-02-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും 2021-22 വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് - 16,400/- രൂപയുടെ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1 | കാവാലം കുന്നമ്മ ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2 | പാലേടം ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 3 | കുട്ടനാട് നിധി ലിമിറ്റഡ്, തട്ടാശേരി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 4 | എസ്.ബി.ഐ കാവാലം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 5 | കുട്ടനാട് നിധി ലിമിറ്റഡ്, കാവാലം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| | ആകെ | | 12,500/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയതായും, സ്ഥാപന തൊഴിൽ നികുതി മേൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:01,തീയതി:09/02/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) 2021-22 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് ,വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം ഈടാക്കിയ തുക | അർദ്ധവർഷം ഇടാക്കേണ്ട തുക | 2021-22 ൽ അധികമായി ഇടാക്കേണ്ട തുക |
|---|---|---|---|---|
| 1 | മുളമൂട്ടിൽ ഫിനാൻസ് കുറ്റിക്കാട്ട് | 600 | 1250 | 650×2=1300 |
| 2 | മുളമൂട്ടിൽ ഫിനാൻസ് കാവാലം ബ്രാഞ്ച് | 600 | 1250 | 650×2=1300 |
| 3 | മുളമൂട്ടിൽ ഫിനാൻസ് തട്ടാശേരി ബ്രാഞ്ച് | 600 | 1250 | 650×2=1300 |
| | ആകെ | | | 3900/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷം അധികമായി ഇടാക്കേണ്ട സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയതായും, അധികമായി ഒടുക്ക് വരുത്തേണ്ട സ്ഥാപന തൊഴിൽ നികുതി മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:01,തീയതി:09/02/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 ബഡ്സ് സ്കൂൾ ജീവനക്കാരുടെ ശമ്പള ചെലവ്-ധനകാര്യ പത്രികയിൽ ഇക്വിറ്റി ഷെയറെന്നപേരിൽ ബുക്ക് ചെയ്തിരിക്കുന്നു.

പ്രോജക്റ്റ് നമ്പർ -9/22, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ചെലവുകൾ

സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ബഡ്സ് സ്കൂൾ ജീവനക്കാരുടെ ശമ്പളമിനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വിധം നൽകിയ 84000/- രൂപയുടെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഇൻവെസ്റ്റ്മെന്റ് ഓൺ ഇക്വിറ്റി ഷെയേഴ്സ് എന്ന പേരിൽ 420500101 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | വൗച്ചർ നമ്പർ/തിയതി | തുക |
|---|---|---|

| | | |
|---|---|---|
| 420500101 | 22100401/8.9.2021 | 28000 |
| | 22100096/30.9.2021 | 28000 |
| | 22100729/15.11.2021 | 28000 |
| ആകെ | | 84000 |

മേൽ സൂചിപ്പിച്ചവിധം ബഡ്സ് സ്കൂൾ ജീവനക്കാരുടെ ശമ്പളമിനത്തിൽ ചെലവഴിച്ച തുക തെറ്റായി ഇക്വിറ്റി ഷെയേഴ്സ് എന്ന പേരിൽ നിക്ഷേപമായി രേഖപ്പെടുത്തിയത് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയുണ്ടായിരിക്കേണ്ടതാണ്.

## 1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് മുതൽക്കൂട്ടാത്തത് സബന്ധിച്ച്.

കാവാലം ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ സപ്ലയേഴ്സ് സെക്യൂരിറ്റിയിനത്തിൽ 21.3.2018വരെയുള്ള കാലയളവിൽ ലഭിച്ചിട്ടുള്ളതും നാളിതുവരെ തിരികെ ആവശ്യപ്പെട്ടിട്ടില്ലാത്തതും കാലഹരണപ്പെട്ടതുമായ 25504/- രൂപയുടെ ഡെപ്പോസിറ്റ് നാളിതുവരെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുള്ളതായി കാണുന്നില്ല. കേരള ഫിനാൻഷ് കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരവും 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം79 പ്രകാരവും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പാറ്റാത്ത ഡെപ്പോസിറ്റുകൾ, പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും മാറാത്ത ചെക്കുകൾ എന്നിങ്ങനെയുള്ള തുകകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിച്ചെഴുതേണ്ടതാണ് എന്ന് വ്യക്തമായ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നിട്ടും ഇപ്രകാരം കാലഹരണപ്പെട്ട തുകകൾ മുതൽക്കൂട്ടാത്തതിനാൽ പ്രസ്തുത തുകകൾ നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു. ഇത്തരം പ്രവണത യാതൊരു കാരണവശാലും തുടരാൻ പാടില്ലാത്തതാണെന്നും തുടർച്ചയായി മൂന്നുവർഷത്തിലധികമായി തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ, മാറാത്ത ചെക്കുകൾ, തിരികെ കിട്ടിയ നിക്ഷേപങ്ങൾ തുടങ്ങിയവയിൽ ഓരോന്നിന്റേയും കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ അതത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും ഇത് കൃത്യമായി ഉറപ്പുവരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട റെക്കോഡുകളുടെ പരിപാലനവും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസാഥാപന സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.1.2020ലെ എ.സി1/125/2019 ത.സ്വ.ഭ.വ സർക്കുറിലും വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഫ്ലഡ് ഡൊണേഷൻ-അക്കൗണ്ട്സിൽ ബാധ്യതയായി തുടരുന്നു.

കാവാലം ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം 320800299എന്ന അക്കൗണ്ട് ഹെഡ്ഡിൽ ഫ്ലഡ് ഡൊണേഷൻ എന്നയിനത്തിൽ 2019ൽ ലഭിച്ച 104280/-രൂപ നാളിതുവരെ ഒടുക്കുവരുത്താതെ ബാധ്യതയായി നിൽക്കുന്നു. പ്രസ്തുത തുക ജീവനക്കാരിൽ നിന്നും/ജനപ്രതിനിധികളിൽ നിന്നും ഫ്ലഡ് ഡൊണേഷൻ ഇനത്തിൽ ഈടാക്കിയതിൽ തിരികെ നൽകാനുള്ളതാണോ, സർക്കാരിലേക്ക് ഒടുക്കുവരുത്താനുള്ളതാണോ എന്നത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിച്ച് ധനകാര്യ പത്രികയിലെ ബാധ്യത ഹെഡ്ഡിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (20/15.2.23) മറുപടി ലഭ്യമാക്കിയില്ല.

## 1-15 തോട് നവീകരണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - സെക്രട്ടറി

ചെലവ് തുക – 1059200/- (സി.എഫ്.സി ഗ്രാന്റ്)

ബിൽ നം - (112/26.3.2022)

ഗ്രാമപഞ്ചാത്തിലെ താഴെപറയുന്ന വാർഡുകളിലുള്ള തോടുകളിലെ മാലിന്യം നീക്കം ചെയ്ത് ആഴംകൂട്ടി ശുചീകരിക്കുന്നതിനായി തയ്യാറാക്കിയ (പ്രോ.നം - 121/22) ടി പ്രോജക്ട് പ്രകാരം സി.എഫ്.സി ഗ്രാന്റിൽ നിന്നും 1059200/- രൂപ പിൻവലിച്ച് മങ്കൊമ്പ് മൈനർ ഇറിഗേഷൻ അസി.എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രവർത്തിയുടെ പേര് | അടങ്കൽ തുക |
|---|---|---|
| 01 | പറയനടി പാലം മുതൽ വെങ്ങേലി കലുങ്ക് വരെയുള്ള തോട് നവീകരണം വാർഡ് 5 | 474000/- |

| | | |
|---|---|---|
| | | |
| 02 | ചാത്തൻതറ മുതൽ പാലപ്പള്ളി വരെയുള്ള തോട് നവീകരണം വാർഡ് 6 | 228100/- |
| 03 | അമ്പതിൽ പാലം മുതൽ മുട്ടുമ്പുറം വരെയുള്ള തോട് നവീകരണം വാർഡ് 7 | 89100/- |
| 04 | ഇളങ്കാവ് ജെട്ടി മുതൽ ഇടമ്പാടി മോട്ടോർതറ വരെയുള്ള തോട് നവീകരണം വാർഡ് 10 | 268000/- |
| | ആകെ | 1059200/- |

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മങ്കൊമ്പ് മൈനർ ഇറിഗേഷൻ അസി.എക്സി.എഞ്ചിനീയറും തമ്മിൽ ഒപ്പുവെച്ച കരാർ (നം 14/2021-22/ 25.3.2022) അനുസരിച്ച് അസി.എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറുന്ന തീയതി മുതൽ ആറ് മാസത്തിനകം പദ്ധതി പൂർത്തിയാക്കേണ്ടതാണ്. കരാർ പ്രകാരം മേൽ പ്രവർത്തികൾ 25.09.2022ൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ പ്രവർത്തി പൂർത്തീകരിച്ച് മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പദ്ധതി പ്രവർത്തനം നടന്നുവരികയാണെന്നും ഒരു മാസത്തിനകം പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (12/14.2.2023) മറുപടി ലഭ്യമാക്കിയത്. പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 1059200/- തടസ്സപ്പെടുത്തുന്നു.

## 1-16 സമഗ്ര നെൽകൃഷി വികസനം - വിതരണ രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണം - കൃഷി ഓഫീസർ

പ്രോജക്ടിന്റെ പേര് - സമഗ്ര നെൽകൃഷി വികസനം

പ്രോജക്ട് .നം - 44/22

ചെലവ് തുക – 12,53,023/- (വികസന ഫണ്ട് )

ബിൽ നം/ തീയതി - 02/13.1.2022

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് പാടശേഖര സമിതികൾ മുഖേന നെൽവിത്ത് വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ മേൽ പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 12,53,023/- രൂപ ചെലവഴിച്ചിട്ടുണ്ട്. സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും 15290kg നെൽവിത്ത് വാങ്ങിയതിന് ഗ്രാമപഞ്ചായത്ത് വിഹിതമായി 3,46,013/- രൂപയും എസ്.സി.ബി രാമൻകരി മുഖേന എൻ.എസ്.സി-യിൽ നിന്നും 40080kg നെൽവിത്ത് വാങ്ങിയതിന് ഗ്രാമപഞ്ചായത്ത് വിഹിതമായി 9,07,010/- രൂപയുമാണ് വികസന ഫണ്ടിൽ നിന്നും സബ്സിഡിയായി (22.63/kg) ചെലവഴിച്ചിട്ടുള്ളത്. ശേഷിക്കുന്ന തുക കൃഷി വകുപ്പ് മുഖേനയാണ് നൽകിയിട്ടുള്ളത്.

കൃഷി ഓഫീസർ ഹാജരാക്കിയ സ്റ്റോക്ക്, വിതരണ രേഖകൾ പ്രകാരം സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി, എസ്.സി.ബി രാമങ്കരി എന്നിവിടങ്ങളിൽ നിന്നും വാങ്ങിയ നെൽവിത്ത് താഴെപറയുന്ന പാടശേഖര സമിതികൾക്കാണ് നൽകിയിട്ടുള്ളത്.

| ക്രമ നം | സമിതിയുടെ പേര് | സ്ഥല വിസ്തൃതി | നൽകിയ വിത്തിന്റെ അളവ് |
|---|---|---|---|
| 01 | കട്ടക്കുഴി പാടശേഖര സമിതി | 17 | 1700 |
| 02 | പത്തടി മണലേരിക്ക പാടശേഖര സമിതി | 20.4 | 2040 |

| | | | |
|---|---|---|---|
| 03 | കാവാലം കിഴക്കുംപാടം പാടശേഖര സമിതി | 58.3 | 5830 |
| 04 | നെല്ലിക്കാത്തുരുത്ത് പാടശേഖര സമിതി | 2 | 200 |
| 05 | നെൻമലശ്ശേരി പാടശേഖര സമിതി | | 2940 |
| 06 | വൈപ്പിൻ പാടശേഖര സമിതി | | 1080 |
| 07 | എളമക്കാവ് പാടശേഖര സമിതി | | 660 |
| 08 | ചാലടി പാടശേഖര സമിതി | | 840 |
| | ആകെ | | 15290 |
| 09 | രാജപുരം കായൽ പാടശേഖര സമിതി | 378.8 | 37880 |
| 10 | കാറ്റാടി പാടം പാടശേഖര സമിതി | 6.8 | 680 |
| 11 | കരീപാടം ചാൽ പാടശേഖര സമിതി | 15.2 | 1520 |
| | ആകെ | | 40080 |

വിതരണ രേഖകൾ ഹാജരാക്കിയില്ല.

നെൽവിത്തിന്റെ സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധിച്ചതിൽ, സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി, എസ്.സി.ബി രാമങ്കരി എന്നിവിടങ്ങളിൽ നിന്നും വാങ്ങി പാടശേഖര സമിതികൾക്ക് നൽകിയ നെൽവിത്ത് ഓരോ പാടശേഖര സമിതിയിലേയും കർഷകന് കൃഷി സ്ഥലത്തിന് ആനുപാതികമായി നൽകിയതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ പാടശേഖര സമിതികൾ കൈപ്പറ്റിയ നെൽവിത്ത് എപ്രകാരം വിതരണം ചെയ്തുവെന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല.

സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി, എസ്.സി.ബി രാമങ്കരി എന്നിവിടങ്ങളിൽ നിന്നും വാങ്ങിയ നെൽവിത്തിന് വ്യക്തിഗത അപേക്ഷയും പാടശേഖര സെക്രട്ടറിയുടെ വിതരണ സ്റ്റേറ്റ്മെന്റും വാങ്ങി ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 13/14.2.2023) കൃഷി ഓഫീസർ മറുപടി നൽകിയത്. എന്നാൽ മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പാടശേഖര സമിതികൾ കൈപ്പറ്റിയ നെൽവിത്ത് കർഷകർക്ക് വിതരണം ചെയ്തതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തിനാൽ 12,53,023/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള പാടശേഖര സമിതികളിൽ നിന്നുള്ള വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-17 കുറ്റികുരുമുളക് വിതരണം - വിതരണ രേഖകൾ അപൂർണ്ണം.

നിർവ്വഹണം - കൃഷി ഓഫീസർ

പ്രോജക്ടിന്റെ പേര് - സമഗ്ര നെൽകൃഷി വികസനം

പ്രോജക്ട് .നം - 46/22

ചെലവ് തുക – 195000/- (വികസന ഫണ്ട് )

ബിൽ നം/ തീയതി - 01/29.12.2021

കുറ്റികുരുമുളക് വിതരണം പദ്ധതിയ്ക്കായി പ്രകാരം കെയ്കോ അമ്പലപ്പുഴയിൽ നിന്നും ഇൻവോയ്സ് നം AMB/115/2021-22 Dt 18.12.2021പ്രകാരം 1950 എണ്ണം കുറ്റികുരുമുളക് തൈ വാങ്ങിയതിന് ഒരെണ്ണത്തിന് 100/- രൂപ എന്ന നിരക്കിൽ 195000 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇവ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നം 18ൽ ചേർത്തിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ വിതരണ രജിസ്റ്ററിൽ വിവിധ വാർഡുകളിലെ 376 ഗുണഭോക്താക്കൾക്കായി ഒരു ഗുണഭോക്താവിന് അഞ്ച് കുരുമുളക് തൈ എന്ന കണക്കിൽ (375 യൂണീറ്റ്) 1875 എണ്ണം തൈകളാണ് വിതരണം നടത്തിയിട്ടുള്ളത്.
കെയ്കോ അമ്പലപ്പുഴ ആദ്യ ഘട്ടത്തിൽ കൃഷി ഭവനിൽ ഇറക്കിയ തൈകളിൽ 75 എണ്ണത്തിന്റെ കുറവുണ്ടായിരുന്നുവെന്നും ഇപ്രകാരം തൈകൾ ലഭിക്കാതിരുന്ന 15 പേർക്ക് വീണ്ടും അതത് വാർഡുകളിൽ തൈ എത്തിച്ച് നൽകിയെങ്കിലും വിതരണ രജിസ്റ്ററിൽ പേരും ഒപ്പും രേഖപ്പെടുത്തുവാൻ വിട്ടുപോയതാണെന്നും ഓഡിറ്റിൽ ചൂണ്ടികാണിച്ചതിനെ തുടർന്ന് അപാകത പരിഹരിച്ച് രജിസ്റ്റർ ക്രമപ്പെടുത്തിയിട്ടുണ്ടെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് (നം 19/15.2.2023) മറുപടി നൽകിയത്. എന്നാൽ മറുപടിയിൽ പരാമർശിക്കും പ്രകാരം വിതരണ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ കുറവ് വന്ന കുരുമുളക് തൈ ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് വീണ്ടും നൽകിയതെന്ന് വ്യക്തമല്ല. കൃത്യമായ വിതരണ രേഖകളുടെ അഭാവത്തിൽ 75 എണ്ണം കുരുമുളക് തൈകളുടെ വില 7500/-രൂപ (75x100) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റിയതിന് ശേഷം ഭവന നിർമ്മാണം ആരംഭിക്കാത്തതു സംബന്ധിച്ച്.

ലൈഫ് ഭവന പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, എസ്.സി, എസ്.റ്റി, ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ നിന്നുള്ള താഴെപറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു (അഡ്വാൻസ്) തുക കൈപ്പറ്റി ഒരു വർഷത്തിലേറെയായിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 01 | ബിനുകുട്ടൻ എ.എസ്, അമ്പാട്ട് പറമ്പ് വാർഡ് III | 40,000/- | 07/07/2021 |
| 02 | ഗോപകുമാർ, പനഞ്ചിക്കൽചിറ വാർഡ് I | 40,000/- | 07/07/2021 |
| 03 | പ്രീത പനഞ്ചിക്കൽചിറ വാർഡ് I | 40,000/- | 07/07/2021 |
| 04 | ശശികുമാർ, കൊച്ചുപറമ്പ് വാർഡ് V | 40,000/- | 07/07/2021 |
| 05 | കുമാരി സുദർശൻ, കണ്ടക്കുഴി, വാർഡ് V | 40,000/- | 09/09/2021 |

| | | | |
|---|---|---|---|
| 06 | മിനിമോൾ ഉദയകുമാർ, നെല്ലൂർ, വാർഡ് II | 40,000/- | 09/09/2021 |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും അടിത്തറ നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. ഇവർ യഥാസമയം ഭവന നിർമ്മാണം ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുന്നതിനായി 21/15.2.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. സാമ്പത്തിക ബുദ്ധിമുട്ട്, വഴിസൗകര്യത്തിന്റെ അപര്യപ്തത എന്നിവ മൂലമാണ് മേൽ പരാമർശിച്ച വ്യക്തികളുടെ ഭവന നിർമ്മാണം മന്ദഗതിയിലായതെന്നും നിലവിൽ ഇവർ അടിത്തറ നിർമ്മാണം പൂർത്തിയാക്കിയതിനാൽ രണ്ടാം ഗഡു ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്.

ഇവർ സമയബന്ധിതമായി ഭവന നിർമ്മാണം നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നടപടി പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്.

## 1-19 എഫ്.എച്ച്.സി നിർമ്മാണത്തിന് വിഹിതം നൽകൽ - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് .നം - 78/22

നിർവ്വഹണം - സെക്രട്ടറി

ചെലവ് തുക – 1059200/- (സി.എഫ്.സി ഗ്രാന്റ്)

ബിൽ നം - (121/26.3.2022)

കാവാലം പ്രാഥമിക ആരോഗ്യകേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനായി കേരള ഇലക്ട്രിക്കൽ & അലൈഡ് കമ്പനി (കെൽ) തയ്യാറാക്കിയ സമർപ്പിച്ച ഡി.പി.ആർ പ്രകാരമുള്ള അടങ്കൽ തുകയുടെ (56.5 ലക്ഷം) ഗ്രാമപഞ്ചായത്ത് വിഹിതമായ 14,00,000/- രൂപ കൈമാറുന്നതിനായി പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകിയതിനെ തുടർന്ന് നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം ഓഫീസറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ കരാറിലേർപ്പെടുകയും (നം 12/2021-22/ 30.11.2021) പഞ്ചായത്ത് വിഹിതം എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനം പുരോഗമിക്കുകയാണെന്നും പൂർത്തീകരിക്കുന്നമുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (17/14.2.2023) മറുപടി ലഭ്യമാക്കിയത്. പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 14,00,000/- തടസ്സപ്പെടുത്തുന്നു.

## 1-20 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതിയുടെ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ, ഓരു പ്രവർത്തിയെ തന്നെ വ്യത്യസ്ത റീച്ചുകളായി തിരിച്ച് പ്രത്യേകം ഡിസ്പ്ലേ ബോർഡുൾ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നു. ഉദാഹരണമായി

1.പനയ്ക്കൽ പാടശേഖരം ബണ്ട് കയർ ഭൂവസ്ത്രം വിരിച്ച് ബലപ്പെടുത്തൽ-(വർക്ക് കോഡ്-FP/376478),

2. രാമരാജപുരം പാടശേഖരം ബണ്ട് കയർ ഭൂവസ്ത്രം വിരിച്ച് ബലപ്പെടുത്തൽ-(വർക്ക് കോഡ്-FP376460) എന്നീ പ്രവർത്തികളെ റീച്ച് 1, റീച്ച് -2,റീച്ച് 3, റീച്ച് 4, എന്നിങ്ങനെ 4 വ്യത്യസ്ത പ്രവർത്തികളായി തിരിച്ച് നടപ്പിലാക്കിയിരിക്കുന്നു. ഒരു പാടശേഖരത്തിന്റെ തന്നെ ബണ്ട് ബലപ്പെടുത്തുന്നതിന് 700 മീറ്റർ വീതം നീളമുള്ള 4 പ്രവർത്തികളായി തിരിച്ചിരിക്കുന്നു. ഇവയുടെ ഫയൽ പരിശോധിച്ചതിൽ ഈ പ്രവർത്തികളെല്ലാം 6.1.22മുതൽ 14.2.22വരെയുള്ള ഒരേ തിയതികളിലാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാണ്. 4 റീച്ചുകളായി തിരിച്ച ഈ പ്രവർത്തികൾക്കെല്ലാം കൂടി ഒരു ഡിസ്പ്ലേ ബോർഡ് മാത്രം മതിയെന്നിരിക്കെ 4 ബോർഡുകൾ സ്ഥാപിച്ചതുവഴി 4000/രൂപ നിരക്കിൽ (3x4000), 12000/ രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. വ്യത്യസ്ത റീച്ചുകളായി തിരിക്കേണ്ടിവന്നാൽ പോലും ഒരേ സമയം ഒരു സ്ഥലത്തുതന്നെ നിർവ്വഹിക്കപ്പെടുന്ന പ്രവർത്തിക്ക് ഒരു ഡിസ്പ്ലേ ബോർഡ് മാത്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമൂലം അധിക ചെലവ് ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ആസ്തി സംരക്ഷണം - അംഗനവാടി സ്ഥലം മണ്ണിട്ടുയർത്തൽ.-

പ്രോജക്റ്റ് നമ്പർ 52/22

കരാറുകാരൻ- മധുസൂധനൻ.വി.എ, പി.എ.സി-532088

ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 26/21-22 പുറം 4ൽ മൂന്നാമിനമായി RR Masonary വിത്ത് ഹാർഡ് സ്റ്റോൺ എന്നയിനം താഴെപറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

സൗത്ത് സൈഡ്- 24.2x0.5x0.5 =6.05

നോർത്ത് സൈഡ്-24.95x0.5x0.5 =6.238 ആകെ 12.283m3

